പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3471 | 12.12.2014 ലെ മറുപടിയ്ക്ക്

## പ്രകൃതി ദുരന്തങ്ങളിൽ കാർഷിക നാശത്തിനുള്ള നഷ്ടപരിഹാരം

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീമതി.ഗീതാ ഗോപി

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) പ്രകൃതി ദുരന്തങ്ങളിൽ കാർഷിക നാശത്തിനുള്ള നഷ്ടപരിഹാരത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ദുരന്തങ്ങളിൽ നഷ്ട പരിഹാരം നല്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പുതുക്കിയ മാനദണ്ഡമനുസരിച്ച് ഓരോ ഇനം കൃഷിക്കും എന്തുമാത്രം ധനസഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

(എ), (ബി), & (സി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-06-2012-ലെ സ.ഉ (എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവ് പ്രകാരം 01-04-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ(എം.എസ്) നം. 343/2012/ഡിഎം.ഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ(എം.എസ്) നം. 239/2012/ഡിഎം.ഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ(എം.എസ്) നം. 470/2013/ഡിഎം.ഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രധാന വിളകൾക്ക് നല്കുന്ന ധനസഹായത്തിൽ വന്നിട്ടുള്ള വ്യത്യാസം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വിള | സ.ഉ (എം.എസ്) നം. 239/2012/ഡി എം.ഡി 11-06-2012 | നിലവിൽ അർഹതയുള്ള തുക |
|---|---|---|
| നെല്ല് (ഹെക്ടറിന്) | 10,000/- രൂപ | 9,000/- രൂപ |
| തെങ്ങ് മരമൊന്നിന് | 700/- രൂപ | 68/- രൂപ |
| വാഴ ഒന്നിന് | 100/- രൂപ | 3.6/- രൂപ |
| റബ്ബർ മരമൊന്നിന് | 300/- രൂപ | 24/- രൂപ |
| കശുമാവ് മരമൊന്നിന് | 150/- രൂപ | 68/- രൂപ |
| കമുക് മരമൊന്നിന് | 150/- രൂപ | 9/- രൂപ |
| കൊക്കോ മരമൊന്നിന് | 100/- രൂപ | 24/- രൂപ |
| കുരുമുളക് വള്ളിയൊന്നിന് | 75/- രൂപ | 12/- രൂപ |

സെക്ഷൻ ഓഫീസർ